ഡിസംബർ ആദ്യവാരംതന്നെ പമ്പിംഗ് പൂർണ്ണമായ തോതിൽ നടത്തിവരികയും ചെയ്യുന്നുണ്ട്. നിലവിലുള്ള പമ്പ്സെറ്റുകളുടെ ശേഷി കുറഞ്ഞുപോയതിനാൽ പുതിയ ഒരെണ്ണം സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി കമ്മീഷൻ ചെയ്തയവസരത്തിൽ എ.സി. പൈപ്പ് പൊട്ടിയതിലെ ദുർബലമായ ഭാഗങ്ങൾ മാറ്റി ലീക്കുകൾ തീർക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സാധാരണ നിലയിൽ വരുന്ന ലീക്കുകൾ മാത്രമേ ഇപ്പോൾ ഉണ്ടാകാറുള്ളു. ആ ലീക്കുകൾ അപ്പപ്പോൾ പരിഹരിക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ കരാറുകൾ നൽകിവരുന്നുണ്ട്. ഇപ്പോൾ കൊളഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം തൃപ്തികരമായ നിലയിൽ പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(12) സംസ്ഥാനത്തെ ഫോട്ടോഗ്രാഫർമാരുടെ പ്രശ്നങ്ങൾ

ശ്രീ. എം.പി. വർഗ്ഗീസ് : സർ, എം.എൽ.എ. മാർ ഉൾപ്പെടെ രാജ്യത്തെ വിവിധ ജനവിഭാഗങ്ങളുടെ വിവിധ വർണ്ണത്തിലും ഭാവത്തിലുമുള്ള പടങ്ങൾ എടുത്തു പ്രദർശിപ്പിക്കുന്ന ഫോട്ടോഗ്രാഫർമാരുടെ ജീവിത പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റേയും ചെയറിന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. നമ്മുടെയെല്ലാം ഭാവങ്ങൾ വിവിധ രൂപങ്ങളിൽ എപ്പോഴും പ്രകടിപ്പിക്കുന്നവരാണ് അവരെല്ലാം. അവർ ഇന്ന് വളരെ ബുദ്ധിമുട്ടുന്നു. കേരളത്തിലെ ഗവൺമെന്റ് വിവിധ ജനവിഭാഗങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി ക്ഷേമനിധിയും പെൻഷനുമെല്ലാം നടപ്പിലാക്കി മാതൃകാപരമായ സമീപനം സ്വീകരിച്ചിട്ടുള്ളതാണ്. 20000 ത്തിൽ അധികം ഫോട്ടോഗ്രാഫർമാർ കേരളത്തിൽ ഉണ്ട്. 20000 ഫോട്ടോഗ്രാഫർമാരും അവരെ ആശ്രയിച്ചു ജീവിക്കുന്ന രണ്ട് ലക്ഷത്തോളം ആളുകളും. ഫോട്ടോഗ്രാഫർമാർക്ക് മറ്റ് തൊഴിലാളികളെപ്പോലെ ജോലി ചെയ്യുന്നതിനു കഴിയില്ല. സൂക്ഷ്മദൃഷ്ടിയോടുകൂടി ചെയ്യേണ്ട ജോലി ആണ്. അവരെ ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ക്ഷേമ പദ്ധതി പോര. അവരുടെ ജീവിത പ്രശ്നങ്ങളെ കണക്കിലെടുത്ത് അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും 60 വയസ്സ് തികയുമ്പോൾ പെൻഷൻ കൊടുക്കുന്ന സമീപനവും എടുക്കണം. അതു മാത്രമല്ല പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെ ഒഴിവാക്കിക്കൊണ്ട് ചില ആളുകളെല്ലാം ഈ രംഗത്ത് കടന്നുവന്നിട്ടുണ്ട്. അതുകൊണ്ട് പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് ഐഡന്റിറ്റി കാർഡ് അനുവദിച്ചുകൊടുക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള): സർ, പല ക്ഷേമനിധി ബോർഡുകളിലും സമാഹരിക്കപ്പെടുന്ന അംശദായംകൊണ്ട് അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾപോലും നടത്തി ക്കൊണ്ടു പോകാൻ കഴിയാതെ വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റു ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ എല്ലാ വിഭാഗം തൊഴിലാളികൾക്കും വേണ്ടി ഇപ്പോൾ നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി പദ്ധതി പരിഷ്കരിച്ച് ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള സമഗ്ര നിയമ നിർമ്മാണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ കരട് ബില്ല് സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത സ്കീമിൽ ഫോട്ടോഗ്രാഫർമാരും ഉൾപ്പെടുന്നതാണ്. ഈ ക്ഷേമനിധി നിലവിൽവരുമ്പോൾ ഇതിന്റെ ആനുകൂല്യങ്ങൾ ഫോട്ടോഗ്രാഫർമാർക്കും ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly